"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി 17 തസ്തികകൾ ഒരു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

റവന്യൂ(എം)വകുപ്പ്

സ.ഉ.(കൈ) നം.67/2024/RD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:- 1 ) 02.06.2020-ലെ സ.ഉ.(സാധാ)2020/2020/റവ നമ്പർ ഉത്തരവ്.

2) കോട്ടയം ജില്ലാ കളക്ടറുടെ 08.01.2021ലെ ഡിസികെടിഎം/5055/2020/എൽ2 നമ്പർ കത്ത്.

3 ) 4.11.2023-ലെ സ.ഉ.(സാധാ) 3966/2023/റവ നമ്പർ ഉത്തരവ്

4) ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.03.2024-ലെ എൽ.ആർ/2507/2024/എൽആർ(ജെ5) നമ്പർ കത്ത്

<u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ ഭൂമിപതിവിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിന് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്.

2) മേല്പറഞ്ഞ വില്ലേജുകളിലെ 9 സർവ്വേ നമ്പരുകളിലായി സർവ്വേ റെക്കോഡുകളിൽ (ബി.റ്റി.ആർ) ഭൂമിയുടെ തരം പുറമ്പോക്ക്, ഫോറസ്റ്റ്, പുരയിടം എന്നു രേഖപ്പെടുത്തിയിട്ടുള്ളതും, റിമാർക്സ് കോളത്തിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്നു രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത 1450 ഹെക്ടർ പ്രദേശത്ത് പട്ടിക വർഗ്ഗ വിഭാഗത്തിലും മറ്റ് ജനവിഭാഗങ്ങളിലുമായി 7000-ൽ

പരം ആൾക്കാർ താമസിച്ച വരുന്നതാണ്. മേല്പറഞ്ഞ പ്രദേശത്തെ ഏകദേശം പതിനായിരത്തോളം അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി ഒരു പുതിയ ഓഫീസ് തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ടി ഓഫീസിന് ആവശ്യമായ തസ്തികകളും അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനെത്തുടർന്ന്, പരാമർശം (1), (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ പ്രദേശത്ത് പട്ടയം നൽകുന്നതിനായി ചുവടെ ചേർക്കുന്ന തസ്തികകളോട് കൂടി ഒരു കാര്യാലയം അനുവദിക്കേണ്ടത് ആവശ്യമാണെന്ന് പരാമർശം (4) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുള്ളതാണ്.

| ക്രമ നമ്പർ | തസ്തിക | എണ്ണം | പ്രതിമാസ ശമ്പളം (രൂപ) |
|---|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 | 79,100 |
| 2 | ഡെപ്യൂട്ടി തഹസിൽദാർ | 1 | 68,591 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 2 | 1,18,876 (59438x2) |
| 4 | ക്ലർക്ക്/VA | 6 | 1,79,670 (29945x6) |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 | 25,990 |
| 6 | സർവ്വെയർ | 4 | 2,01,140 (50285x4) |
| 7 | ചെയിൻമാൻ (Daily wages) | 2 | 32,400 (16200x2) |
| 8 | ആകെ പ്രതിമാസം വേണ്ടിവരുന്ന ചുരുങ്ങിയ വേതന തുക (starting of scale of pay) | | ₹ 7,05,767/- |
| 9 | ആവശ്യമായ ഒരു വാഹനത്തിന്റെ വാടക ഇനത്തിലെ തുക | | 35,000 |
| 10 | ആകെ | | ₹ 7,40,767/- |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ 1450 ഹെക്ടർ പ്രദേശത്തെ പതിനായിരത്തോളം പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി മേല്പറഞ്ഞ 17 തസ്തികകൾ ഒരു വർഷത്തേക്ക് താല്കാലികമായി സൃഷ്ടിച്ചു കൊണ്ട് ഒരു സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

4) ലാൻഡ് റവന്യൂ കമ്മീഷണർ ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്

ജില്ലാ കളക്ടർ, കോട്ടയം

അക്കൗണ്ടന്റ് ജനറൽ (A&E/Audit), തിരുവനന്തപുരം

തഹസീൽദാർ, കാഞ്ഞിരപ്പള്ളി

ധനകാര്യ വകുപ്പ് (E-2732672/EXP-D1/95/2024-Fin) പ്രകാരം

റവന്യൂ (സി)/റവന്യൂ (എഫ്)/റവന്യൂ (ഇ) വകുപ്പ് (അറിവിലേക്കായി)

ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vinu V Gopal
Date: 15-03-2024 21:25:44
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്